മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഒഴിവുകൾ ധാരാളമുണ്ടാകുമ്പോൾ കൂടുതൽ Officiating Serivce ഉള്ളവരെ സ്ഥിരപ്പെടുത്താത്തതു് എന്തുകൊണ്ടാണു് ?

മിസ്റ്റർ എം. ശിവരാമമേനോൻ: രൂപപ്രകാരം Date of 1st appointment നോക്കിയാണു് സ്ഥിരപ്പെടുത്തുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: കൂടുതൽ ഒഴിവുകൾ വരുമ്പോൾ officiating hands-ന്റെ കാര്യംകൂടി ഒന്നു കൺസിഡർ ചെയ്യുകുടേ ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇപ്പോഴത്തെ രൂപനുസരിച്ചു് Date of 1st appointment ആണു് സീനിയോറ്റി. പിന്നെ പെർമനൻസി കൊടുക്കുമ്പോൾ ഒരു കാര്യംകൂടി ചെയ്യാറുണ്ടു്. ഒരാൾക്കു ഏതു് ഡിപ്പാർട്ടുമെണ്ടിലാണോ കൂടുതൽ സർവ്വീസുള്ളതു് ആ ഡിപ്പാർട്ടുമെണ്ടിൽ മറ്റു കമ്മ്യൂണിറ്റിക്കു് ദോഷം വരാത്തവിധത്തിൽ നോക്കീട്ടാണു് പെർമനൻസി കൊടുക്കുന്നതു്. അപ്പോൾ ഒരു വേക്കൻസി വരുമ്പോൾ അതിൽ ആക്ടം പെർമനൻസി കൊടുക്കാറില്ല. കുറെ അധികം വേക്കൻസി വരുമ്പോൾ മാത്രമെ പെർമനൻസി കൊടുക്കാറുള്ളു.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: സ്ഥിരമാക്കുമ്പോൾ കമ്മ്യൂണൽ റൊട്ടേഷൻ ശരിക്കു നോക്കാറുണ്ടോ ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഉവ്വു്. അതുകൊണ്ടാണു് കുറെ അധികം വേക്കൻസികൾ വരുമ്പോഴെ സ്ഥിരപ്പെടുത്താറുള്ളുവെന്നു പറയുന്നതു്.

COMPLAINT AGAINST A CONSTABLE

327. Mr. P. Mani *(Kanayannur)*: Will Government be pleased to state.—

(*a*) whether the Commissioner of Police has received a petition dated 24th Edavam 1121 from Puthenangadi Cheria Mathai of Mulanthuruthi Village regarding an assault on him by the Mulanthuruthi Head constable and others and extortion of Rs. 75 from him by them;

(*b*) if so, what action did he take;

(*c*) whether he has made any enquiry in the matter;

(*d*) if so, during the enquiry whether he has taken any statement from any local people;

(*e*) if so, please state their names ?

Mr. B. V. K. Menon (*Secretary to Government*):

(*a*) Yes.

(*b*) The matter is being looked into. Enquiry is not-yet complete.

(*c*) (*d*), and (*e*) No reply necessary in view of answer to (b).

മിസ്റ്റർ പി. മാണി: രണ്ടുമാസം കഴിഞ്ഞിട്ടും ഇതിന്റെ അന്വേഷണം പൂർത്തിയായിട്ടില്ലായെന്നാണോ പറയുന്നതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അന്വേഷണം മുഴുവനുമായിട്ടില്ല. പക്ഷെ, ഒരു interim report കിട്ടിയിട്ടുണ്ടു്. അതിനു ഇങ്ങിനെയൊന്നും ഉണ്ടായിട്ടില്ലെന്നാണു് പറയുന്നതു്.

ചെറുതരി ജി. എസ്സു്. ധാരാസിംഗു്: ആരാണു് എൻക്വയറി നടത്തിയതു് ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഡിവിഷൻ ഇൻസ്പെക്ടരാണു്.

Mr. Paramel Ipe Ipe *(Kunnamkulam)*: It is stated that for (*c*), (*d*) and (*e*) no reply in view of answer to (*b*). May I know whether it is the position of the Government that when a departmental enquiry is conducted, it is not proper to give the name of the persons who gave statements.

Mr. B. V. K. Menon *(Secretary to Government)*: It may not be good to give out names.

Mr. Paramel Ipe Ipe *(Kunnamkulam)*: Does the Government attach certainty to the report that all persons were enamined and evidence taken. Is it proper to get the list of names of persons from whom evidence was taken ?

Mr. B. V. K. Menon *(Secretary to Government)*: The report that proper steps were taken to get evidence from connected persons. It is not proper to give the names of persons.

മിസ്റ്റർ പി. മാണി: എൻക്വയറി നടത്തി റിപ്പോർട്ടു് കിട്ടിയെന്നു പറഞ്ഞുവല്ലൊ. ഈ റിപ്പോർട്ടിൽ അവരെ വിസ്തരിച്ചതായിട്ടു പറഞ്ഞിട്ടുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉവ്വു്.

LIBRARY ARCHIVES Kerala Legislative Assembly

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഇങ്ങിനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നാണോ റിപ്പോർട്ട് കിട്ടിയതു?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഇയാളെ പോല്ലീസ്സ് സ്റ്റേഷനിൽ വിളിച്ചുകൊണ്ടു പോയി തല്ലി ഒ ഉറപ്പിക പിടിച്ചുപറിച്ചെടുത്തു എന്നായിരുന്നു Complaint. ഈ ഒ ഉക. വേറെ ഒരാളുടെ കയ്യിൽനിന്നു വാങ്ങിച്ചതാണു. അതു് അന്നു കാലത്താണു് കിട്ടിയതു് എന്നൊക്കെ പറഞ്ഞു. അതനുസരിച്ചു അന്വേഷിച്ചതിൽ ഇങ്ങിനെ ഒരാളുമായിയാതൊരു ഇടപാടുമില്ലെന്നും ഉറപ്പിക കൊടുത്തു എന്നു പറഞ്ഞയാൾ രൂപ കൊടുത്തിട്ടില്ലെന്നുമാണു് അറിഞ്ഞതു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: തല്ലിയെന്നു പറയുന്നതു ശരിയാണോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: തല്ലുകൊണ്ട ആളുടെ നിലവിളികേട്ടുവെന്നു പറയുന്നാളുകളുടെ സ്റ്റേറ്റുമെൻറ് എടുത്തിട്ടുണ്ടു്.

TOBACCO—UNAUTHORISED TRANSPORT OF

328. Mr P. T. Jacob *(Latin-Christians Mattancheri)*: Will Government be pleased to state.—

(*a*) what are the two orders (Memos) T. O. C. 17/21, dated 21st Thulam 1121 and OR. 6/21, dated 4th Meenam 1121 issued from the Excise Sub-Inspector's Office, Trichur Range;

(*b*) what is the Memo B. 372/21, dated 30th Kumbham 1121 issued from the Excise Circle Inspector's Office, Trichur;

(*c*) is there any direction in any of these above-mentioned memos that Mr. E. L. Jos 545 "B" class tobacco licensee to take back the articles concerned to the Anjur tobacco A shop?

Rao Sahib C. J. Mathew *(Secretary to Government)*:

(*a*) (1) The order T. O. C. 17/21, dated 21st Thulam 1121 is one issued by the Excise Sub-Inspector, Trichur Range to the parties concerned in a case of alleged unauthorised transport of tobacco to Tobacco B shop No. 545/21, to receive back the articles involved in the case. (2) Order OR. 6/21, dated 4th Meenam 1121 is a notice issued by the Sub-Inspector to the licensee of tobacco B Shop No. 545/21, calling upon him to explain breach of certain conditions of the license.

(*b*) Memo B. 372/21, dated 30th Kumbham 1121 is that issued by the Inspector, Northen Circle directing the Sub-Inspector to call for the explanation referred to in (*a*) (2) above.

(*c*) No.

മിസ്റ്റർ പി. ടി. ജേക്കബ്: ഇതിൽ പാട്ടീസ്സ് എന്നു പറയുന്നുണ്ടു്, അവരാരാണു്?

Rao Sahib C. J. Mathew *(Secretary to Government)*: Parties who were carrying this tobacco.

മിസ്റ്റർ പി. ടി. ജേക്കബ്: ഇതു് എവിടെനിന്നു കൊണ്ടുവന്നുവെന്നാണു് പറയുന്നതു്?

Rao Sahib C. J. Mathew *(Secretary to Government)*: The Sub-inspector of Trichur suspected that it was being transported from British territories. But investigation by the Commissioner showed that it was not so.

CO-OPERATIVE SOCIETY—FISHERMEN

329. മിസ്റ്റർ കെ. എ. രാഘവൻ: ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നു താഴെപറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തെ മീൻപിടിത്തക്കാർക്കുമാത്രമായി ഒരു Central Fish Co-operative Society യോടും അതോടു അനുബന്ധിച്ചു അതിന്റെ കീഴിൽ അഞ്ചോ ആറോ അധികമോ Sub-society-യും സ്ഥാപിക്കേണ്ടകാര്യത്തെപറ്റി ബഹുമാനപ്പെട്ട ഗവർമ്മെണ്ടിനു വല്ല ആലോചനയും ഉണ്ടോ;

(ബി) ഇതുപ്രകാരം ഒരു സഹകരണസംഘം ഉണ്ടായാൽ ഇപ്പോൾ നമ്മെ ഭയപ്പെടുത്തുന്ന ഭക്ഷണപ്രശ്നത്തിനു് ഒരു നേരിയ പരിഹാരമാർഗ്ഗം അതുമൂലം സിദ്ധിക്കുമെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യമുണ്ടോ;

(സി) ഈ കാര്യത്തിൽ ഉടനടിയായ പ്രാരംഭവേലകൾ നടത്തിത്തുടങ്ങുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly